പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 213 10.06.2013-ൽ മറുപടിക്ക്.

# റാന്നി പോലീസ് സ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷന് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത് ; നിർമ്മാണം ഏതു ഘട്ടത്തിലാണ് ; എന്തൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത് ; | : (എ) റാന്നി പോലീസ് സ്റ്റേഷനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം 03.11.2012-ൽ ആരംഭിച്ചു. ഭൂമിയുടെ കിടപ്പനുസരിച്ച് രണ്ടുതലങ്ങളിലായിട്ടാണ് കെട്ടിടം നിർമ്മിക്കുന്നത്. കെട്ടിടത്തിന്റെ 50% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ചുമരുകളുടെ നിർമ്മാണം, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ മുതലായ ജോലികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. |
| (ബി) കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; | : (ബി) കെട്ടിട നിർമ്മാണത്തിനായി ആകെ 71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) നിർമ്മാണച്ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടത് ; വ്യക്തമാക്കാമോ ? | : (സി) കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി.)-യാണ് വഹിക്കുന്നത്. ശ്രീ.ഷാജി തോമസ് എന്ന കരാറുകാരൻ മുഖേനയാണ് നിർമ്മാണ പ്രവർത്തനം നടത്തിവരുന്നത്. കരാർ പ്രകാരം 10 മാസം കൊണ്ട് പണി പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് പാറപൊട്ടിച്ചു മാറ്റിയതിനുശേഷം മാത്രമാണ് ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞത്. ആയതിനാൽ നിർമ്മാണം നിശ്ചയിച്ചിരുന്നതുപോലെ തുടരുവാൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും 2013 സെപ്റ്റംബർ മാസം അവസാനത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ